"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ വടക്കേപൊറ്റ എ. യു. പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ശ്രീജ. സി ഫയൽ ചെയ്ത ഡബ്ള്യൂ. പി ( സി ) നം. 24206/21- ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 05/11/2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2069/2022/GEDN തീയതി,തിരുവനന്തപുരം, 26-03-2022

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ വടക്കേപൊറ്റ എ. യു. പി.സ്കൂൾ മാനേജരുടെ 08/05/2019 ലെ പുന:പരിശോധനാ ഹർജി(Ext.P4).
2. ബഹു. കേരള ഹൈക്കോടതിയുടെ 05/11/2021 ലെ ഡബ്ള്യൂ.പി ( സി ) നം No. 24206/21 ന്മേലുള്ള വിധിന്യായം.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/12/2019-ലെ ബി6/6616/2021 നമ്പർ കത്ത്.
4. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/01/2022-ലെ സി/2274/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വടക്കേപൊറ്റ എ. യു. പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. ശ്രീജ. സി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ള്യൂ. പി ( സി ) നം. 24206/21 ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ആറാം എതിർ കക്ഷിയായ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച Ext.P4പുന പരിശോധനാ ഹർജി(പരാമർശം1) ഹർജിക്കാരിയെയും ആറാം എതിർ കക്ഷിയായ ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം ലഭിക്കുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 4.2.2022-ന് കേട്ടു .

2. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു..

" വടക്കേപ്പൊറ്റ AUPS ൽ UPST യായി ജോലി ചെയ്തിരുന്ന ശ്രീമതി. രമണി.കെ.ആർ 31/03/2016 ൽ വിരമിച്ച ഒഴിവിൽ 23/06/2016 മുതൽ യു.പി.എസ്.ടി യായി എന്നെ നിയമിച്ചിരുന്നു. ഈ വിദ്യാലയത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി. ആശസോമൻ 2010 മുതൽ വിദ്യാലയത്തിൽ ജോലിയിൽ പ്രവേശിക്കാത്തതിനെ തുടർന്ന് Manager Terminate ചെയ്യുകയും AEO ഇപ്പോൾ അത് അംഗീകരിക്കുകയും ചെയ്തു. 2016 ൽ എന്നെ യു.പി.എസ്.ടി യായി നിയമിച്ചിരുന്ന സമയത്ത് ഈ വിദ്യാലയത്തിൽ രണ്ട് യു.പി.എസ്.ടി പോസ്റ്റുകൾ ഉണ്ടായിരുന്നു. ആശാസോമൻ യു.പി.എസ്.ടി യെ Termination ചെയ്ത പോസ്റ്റും രമണി യു.പി.എസ്.ടി വിരമിച്ച പോസ്റ്റും എന്നാൽ

2016 ൽ സ്റ്റാഫ് ഫിക്സേഷൻ നടത്തിയിരുന്നില്ല. ജി.ഒ (പി) 313/13 കോടതി സ്റ്റേ ചെയ്തതിനാൽ 2014/15 സ്റ്റാഫ് ഫിക്സേഷൻ തന്നെ 2016-17 ൽ തുടർന്നു. 2017 ൽ 2016 ലെ സ്റ്റാഫ് ഫിക്സേഷൻ നടത്തിയപ്പോൾ ഒരു പോസ്റ്റ് കുറവായതായി പറയുന്നു. മാനേജർ 2016 ൽ രണ്ട് യു.പി.എസ്.ടി പോസ്റ്റ് ഉണ്ടെങ്കിലും ഒരു പോസ്റ്റിൽ മാത്രമാണ് നിയമനം നടത്തിയിട്ടുള്ളു. അതിൽ ഒരു പോസ്റ്റ് നഷ്ടപ്പെട്ടു എങ്കിലും എന്നെ ഉൾപ്പെടുത്തുവാനുള്ള പോസ്റ്റ് അപ്പോഴും അവിടെ നിലവിൽ ഉണ്ട്. ഈ വിദ്യാലയത്തിൽ വളരെ വർഷങ്ങളായി 9 യു.പി.എസ്.ടി യും 8 എൽ.പി.എസ്.ടി യും നിലനിന്നിരുന്നു. 2017 ൽ സ്റ്റാഫ് ഫിക്സേഷൻ നടത്തിയപ്പോൾ 9 യു.പി.എസ്.ടി യും 8 എൽ.പി.എസ്.ടി യും നിലവിൽ ഉണ്ട്. 2016 ൽ നഷ്ടപ്പെട്ട പോസ്റ്റ് 2017 ൽ തിരികെ ലഭിക്കുകയും ചെയ്തു. 9 യു.പി.എസ്.ടി യും 8 എൽ.പി.എസ്.ടി യും തുടരുന്നതിനുള്ള സ്റ്റാഫ് ഫിക്സേഷൻ അനുവദിച്ചുതന്നിട്ടുള്ളതുമാണ്. ഇതിൽ ഞാൻ അടക്കം 9 യു.പി.എസ്.ടി യും 8 എൽ.പി.എസ്.ടി യും മാത്രമാണ് ജോലി ചെയ്യുന്നത്. 9 യു.പി.എസ്.ടി യിൽ 2 യു.പി.എസ്.ടി നിയമനം മാത്രമാണ് അംഗീകാരം കിട്ടാതിരിക്കുന്നത്. ഇതിൽ 2017 ൽ നിയമനം ലഭിച്ച അഞ്ജലി പ്രകാശ് യു.പി.എസ്.ടി എന്ന അദ്ധ്യാപികയുടെ നിയമനം സീനിയർ ആയ എന്റെ നിയമനം നൽകിയിട്ടില്ല എന്ന കാരണത്തിൽ മാത്രമാണ് തടസ്സപ്പെട്ടിട്ടുള്ളത്. സെക്രട്ടറി 5 മാസം മുമ്പ് ഹിയറിംഗ് നടത്തുകയും എന്റെ നിയമനം അംഗീകരിച്ച ശേഷം ശ്രീമതി. അഞ്ജലി പ്രകാശിന്റെ നിയമനം അംഗീകാരം നൽകാൻ ഉത്തരവിട്ടിട്ടുള്ളതുമാണ്. ജോലിയിൽ പ്രവേശിക്കാൻ ആവശ്യപ്പെട്ടിട്ടും ആശാസോമൻ യു.പി.എസ്.ടി എന്ന അദ്ധ്യാപിക ജോലിയിൽ പ്രവേശിക്കാത്തതിനാൽ മാനേജർ നീക്കം ചെയ്ത ഉത്തരവോ ശ്രീമതി. ആശാസോമൻ സ്വയം വിരമിക്കൽ കത്ത് നൽകിയതോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കാതെ കാലതാമസം വരുത്തുകയും ഇപ്പോൾ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. എ.ഇ.ഒ ഓഫീസിന്റെ ഭാഗത്ത് വന്നിട്ടുള്ള അനാസ്ഥ കൊണ്ട് മാത്രമാണ് എന്റെ നിയമനം 6 വർഷത്തോളമായി അംഗീകാരം ഇല്ലാതെ തുടരുന്നതും എനിക്ക് 6 വർഷത്തോളം ശമ്പളം ഇല്ലാതെ ജോലി ചെയ്യേണ്ടതായി വന്നിട്ടുള്ള സാഹചര്യം ഉണ്ടായതും 2016 ൽ വിരമിച്ച ശ്രീമതി. രമണി യു.പി.എസ്.ടി യുടെ പോസ്റ്റ് നഷ്ടപ്പെട്ടിട്ടില്ലാത്തതും എന്നെ ഉൾപ്പെടുത്തുവാനുള്ള യു.പി.എസ്.ടി പോസ്റ്റ് ഇപ്പോഴും നിലവിൽ ഉണ്ട്. ആയതിനാൽ എന്റെ നിയമനം അംഗീകരിച്ച് നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.;

"വടക്കേപ്പൊറ്റ എ.യു.പി സ്കൂളിലെ 2015-16 മുതലുള്ള തസ്തിക നിർണ്ണയത്തിൽ അനുവദിച്ച തസ്തികകളും അംഗീകാരമുള്ള അധ്യാപകരുടെ വിവരങ്ങളും താഴെ ചേർക്കുന്നു.

| അനുവദിച്ചത് | | | | അംഗീകാരമുള്ള അദ്ധ്യാപകൻ | | |
|---|---|---|---|---|---|---|
| വർഷം | എച്ച്.എം | യു.പി.എസ്.ടി | എൽ.പി.എസ്.ടി | എച്ച്.എം | യു.പി.എസ്.ടി | എൽ.പി.എസ്.ടി |
| 2015-16 | 1 | 8 | 7 | 1 | 8 | 7 |
| 2016-17 | 1 | 7 | 7+1(2016-17) =8 | 1 | 7 | 7 |
| 2017-18 | 1 | 7+1 (2017-18) = 8 | 7+1 (2016-17) =8 | 1 | 7 | 7 |
| 2018-19 | 1 | 7+1 (2017-18) = 8 | 7+1(2016-17) =8 | 1 | 7 | 7 |

| | | | | | | |
|---|---|---|---|---|---|---|
| 2018-19 പരിഷ്കരിച്ചത് | 1 | 9 | 7 | 1 | 7 | 7 |

1. ശ്രീമതി. രമണി.കെ.ആർ യു.പി.എസ്.ടി 31/03/2016 ന് വിരമിച്ച ഒഴിവിലാണ് മാനേജർ ശ്രീമതി. ശ്രീജ.എസ് നെ നിയമിച്ചത്. 2016-17 വർഷം തസ്തിക നിർണ്ണയത്തിൽ ഒരു യു.പി.എസ്.ടി തസ്തിക കുറവ് വന്നതിനാൽ ശ്രീമതി. ശ്രീജ.എസ് ന്റെ നിയമനം അംഗീകരിക്കുന്നതിന് വ്യവസ്ഥാപിതമായ ഒഴിവ് ഇല്ലാത്തതിനാൽ നിയമനം നിരസിച്ചു നൽകിയിരുന്നു.

2. 2017-18 ൽ നിലവിലുള്ള പ്രധാനാദ്ധ്യാപിക വിരമിച്ചതിനാൽ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. കെ.ജി.ഉഷയെ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയിരുന്നു. നിലവിലുള്ള ചട്ട പ്രകാരം ഇവരെ യു.പി.എസ്.ടി തസ്തികയിൽ ആണ് കണക്കാക്കിയിരുന്നത്. ശ്രീമതി.കെ.ജി.ഉഷയെ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ മാനേജർ ശ്രീമതി.സമീറയെ 01/06/2017 മുതൽ എൽ.പി.എസ്.ടി ആയി നിയമിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിരുന്നു.

3. 2018-19 വർഷം മാനേജർ ശ്രീമതി. കെ.ജി.ഉഷയെ പ്രധാനാദ്ധ്യാപികയായി എൽ.പി.എസ്.ടി തസ്തികയിൽ നിലനിർത്തണം എന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ പരിഗണിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ 24/09/2020 ലെ ആർ.എ (1)/13413/2019/ഡിജിഇ എന്ന ഉത്തരവ് പ്രകാരം ആയത് പരിഗണിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ആയതനുസരിച്ച് 22/10/2020 ലെ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/3333/2019 പ്രകാരം ഉത്തരവ് നൽകുകയും ശ്രീമതി. ഉഷ.കെ.ജിയെ എൽ.പി.എസ്.ടി തസ്തികയിൽ പ്രധാനാദ്ധ്യാപികയായി അംഗീകരിച്ചു നൽകുകയും ചെയ്തിരുന്നു.

4. ശ്രീമതി. ഉഷ.കെ.ജി യ്ക്ക് പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് മാനേജർ ശ്രീമതി. സമീറയെ 01/06/2017 മുതൽ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നു. 2016-17 വർഷം മുതൽ ഒരു അധിക തസ്തിക ഉൾപ്പെടെ 8 എൽ.പി.എസ്.ടി തസ്തികകളാണുള്ളത്. ശ്രീമതി.സമീറ, ഉൾപ്പെടെ 7 അംഗീകാരമുള്ള അദ്ധ്യാപകരും ഉണ്ടായിരുന്നു. ശ്രീമതി. ഉഷ.കെ.ജി പ്രധാനാദ്ധ്യാപികയായി സ്ഥാനമേറ്റ 2017-18 മുതൽക്ക് എൽ.പി.എസ്.ടി യിലേക്ക് മാറ്റുകയാണെങ്കിൽ ശ്രീമതി. സമീറയുടെ നിയമനം അധിക തസ്തികയിൽ ആയി മാറുന്നതാണ്. ആയതിനാൽ 2018-19 ലെ പുതുക്കിയ തസ്തിക നിർണ്ണയ ഉത്തരവ് റദ്ദ് ചെയ്യേണ്ടതാണ്.

5. 2017 മുതൽ പ്രധാനാദ്ധ്യാപികയായി ശ്രീമതി. ഉഷ.കെ.ജി യുടെ നിയമനം അംഗീകരിച്ചു നൽകിയെങ്കിലും മാനേജർ 2018-19 മുതലാണ് ഇവരെ എൽ.പി.എസ്.ടി തസ്തികയിൽ മാറ്റി നിയമിക്കാൻ അപേക്ഷ നൽകിയത്. നിയമന തീയതി മുതൽ ഈ അപേക്ഷ നൽകിയിരുന്നെങ്കിൽ സ്ഥാനക്കയറ്റ ഒഴിവിൽ നിയമിച്ച ശ്രീമതി. സമീറയുടെ നിയമനം അംഗീകരിക്കാൻ കഴിയുമായിരുന്നില്ല.

6. ശ്രീമതി. ശ്രീജ.എസ് ന്റെ നിയമനം 23/06/2016 മുതൽ വ്യവസ്ഥാപിതമായ ഒഴിവില്ലാത്തതിനാൽ നിരസിച്ചിരുന്നു. 2016-17 ൽ ഒരു യു.പി.എസ്.ടി തസ്തിക കുറഞ്ഞ് 7 തസ്തികകൾ ആയി. പ്രധാനാദ്ധ്യാപിക കൂടാതെ 7 അംഗീകാരം ലഭിച്ച യു.പി അദ്ധ്യാപകർ പ്രസ്തുത വർഷം ജോലി ചെയ്തിരുന്നു. 2017-18 വർഷം അധിക തസ്തിക ഉൾപ്പെടെ 8 (7+1) യു.പി.എസ്.ടി തസ്തികകൾ അനുവദിച്ചിരുന്നു. അപ്രകാരം വരുമ്പോൾ ശ്രീമതി. ശ്രീജ. എസ് നെ പരിഗണിക്കേണ്ടത് 2017-18 വർഷം മുതൽ അധിക തസ്തികയിൽ ആണ്.

7. 01/06/2017 വർഷം മുതൽ ശ്രീമതി. ഉഷ.കെ.ജി യെ എൽ.പി.എസ്.ടി തസ്തികയിൽ പ്രധാനാദ്ധ്യാപികയായി മാറ്റുകയാണെങ്കിൽ ഈ സ്കൂളിൽ ശ്രീമതി. ശ്രീജ.എസ് നെ ഉൾക്കൊള്ളിക്കാൻ വ്യവസ്ഥാപിതമായ ഒഴിവ് വരുമായിരുന്നു. എന്നാൽ ശ്രീമതി. സമീറയുടെ എൽ.പി.എസ്.ടി നിയമനം അംഗീകരിച്ച സ്ഥിതിക്ക് ശ്രീമതി. ശ്രീജ.എസ് ന്റെ നിയമനം അംഗീകരിക്കുന്നതിന് നിയമനാംഗീകാരം ലഭിച്ച എൽ.പി.എസ്.ടി അദ്ധ്യാപിക ശ്രീമതി. സമീറയുടെ നിയമനം റദ്ദ് ചെയ്യേണ്ടി വരും എന്നുകൂടി അറിയിക്കുന്നു.

ചുരുക്കത്തിൽ,

1. 31/03/2016 ന് ശ്രീമതി. രമണി.കെ.ആർ വിരമിച്ച ശേഷം 2016-17 ൽ യു.പി.എസ്.ടി തസ്തിക നഷ്ടപ്പെട്ടതിനാൽ ശ്രീമതി. ശ്രീജ.സി യ്ക്ക് യു.പി.എസ്.ടി തസ്തികയിൽ നിലനിൽക്കാൻ തസ്തിക ലഭ്യമല്ല.

2. എൽ.പി.എസ്.ടി തസ്തികയിൽ നിന്നും ശ്രീമതി. ഉഷ, കെ.ജി യെ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി യു.പി.എസ്.ടി വിഭാഗത്തിലാണ് ഇവരെ നിലനിർത്തേണ്ടത്. ആയതിനാൽ ഇവരെ എൽ.പി വിഭാഗത്തിൽ നിലനിർത്തിക്കൊണ്ടുള്ള ആലത്തൂർ ഉപജില്ലാ ഓഫീസറുടെ ഉത്തരവിൽ അപാകതയുള്ളതായി കാണുന്നു.

3. നിലവിൽ ഈ സ്കൂളിൽ ഒഴിവുള്ളത് 2 അധിക തസ്തികകളിലാണ് (ഒരു എൽ.പി.എസ്.ടി, ഒരു യു.പി.എസ്.ടി)

അധിക തസ്തികകളിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാമെന്ന സത്യവാങ്മൂലം മാനേജർ സമർപ്പിച്ചിട്ടില്ല. ഈ വിഷയത്തിൽ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ മാനേജർ കക്ഷിയാണ് എന്നു കൂടി അറിയിക്കുന്നു."

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 31/03/2016 ന് ശ്രീമതി. രമണി.കെ.ആർ വിരമിച്ച ശേഷം 2016-17 ൽ യു.പി.എസ്.ടി തസ്തിക നഷ്ടപ്പെട്ടതിനാൽ ശ്രീമതി. ശ്രീജ.സി യ്ക്ക് യു.പി.എസ്.ടി തസ്തികയിൽ നിലനിൽക്കാൻ തസ്തിക ലഭ്യമല്ല എന്ന തടസ്സവാദമാണ് മുഖ്യമായും വിദ്യാഭ്യാസ ഓഫീസർമാർ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ഈ വാദത്തിനെ ഖണ്ഡിച്ചുകൊണ്ട് ഹർജിക്കാരിയ്ക്ക് അറിയിക്കാനുള്ളത് 2016 ൽ ഹർജിക്കാരിയെ യു.പി.എസ്.ടി യായി നിയമിച്ചിരുന്ന സമയത്ത് ഈ വിദ്യാലയത്തിൽ രണ്ട് യു.പി.എസ്.ടി പോസ്റ്റുകൾ ഉണ്ടായിരുന്നു എന്നും അവ, ആശാസോമൻ യു.പി.എസ്.ടി യെ Termination ചെയ്ത പോസ്റ്റും രമണി യു.പി.എസ്.ടി വിരമിച്ച പോസ്റ്റും ആണെന്നുമാണ്. എന്നാൽ തത്സമയം ആശാ സോമനെ റ്റെർമിനേറ്റ് ചെയ്തതിനു സാധൂകരണമില്ലാതിരുന്നതിനാൽ മാനേജർ ശ്രീമതി രമണിയുടെ ഒഴിവിലേയ്ക്കാണ് ഹർജിക്കാരിയെ നിയമിച്ചത്. 2018-ൽ മാത്രമാണ് ആശാ സോമനെ 2010-ൽ റ്റെർമിനേറ്റ് ചെയ്തതിനു വിദ്യാഭ്യാസ ഓഫീസർ സാധൂകരണം നൽകുന്നത്. സാധൂകരണം നൽകപ്പെട്ടതോടെ പ്രസ്തുത ഒഴിവ് 2010- മുതൽ സ്ഥിരീകരിക്കപ്പെടുന്നു. തന്മൂലം, ശ്രീമതി രമണിയുടെ തസ്തിക നഷ്ടപ്പെടുന്നെങ്കിൽ കൂടി പ്രസ്തുത ടെർമിനേഷൻ ഒഴിവ് നിലനിൽക്കുന്നുണ്ട്. അതിനാൽ, ഹർജിക്കാരിയ്ക്ക് നിയമനം ലഭിച്ച വേളയിൽ നിലനില്ക്കുന്നതിനു ഒഴിവില്ലെന്ന വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം ശരിയല്ലെന്നു കാണുന്നു.

5. മേൽ വിവരിച്ച സാഹചര്യങ്ങളിൽ ഹർജിക്കാരിയുടെ 23/06/2016 മുതൽ ഉള്ള നിയമനം ആശാ സോമനെ 2010-ൽ റ്റെർമിനേറ്റ് ചെയ്യതുമൂലമുണ്ടായ ഒഴിവിലേയ്ക്ക് ക്രമീകരിച്ച് മാനേജർ നടപടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹർജിക്കാരിയുടെ 23/06/2016 മുതൽ ഉള്ള നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ട് പാലക്കാട് വടക്കേപൊറ്റ എ. യു. പി.സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജി( Ext.P4) തീർപ്പാക്കി അപ്രകാരം പരാമർശം 2 കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട് ജില്ല.
മാനേജർ, എ. യു. പി.സ്കൂൾ, വടക്കേപൊറ്റ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ. യു. പി.സ്കൂൾ, വടക്കേപൊറ്റ, പാലക്കാട്.
ശ്രീമതി. ശ്രീജ. സി, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ
എ. യു. പി.സ്കൂൾ, വടക്കേപൊറ്റ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 30-03-2022 11:06:13**
സെക്ഷൻ ഓഫീസർ